(ബി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാമാണ് ;

(സി) ഈ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന പരിശീലനത്തിന് അപേക്ഷകരെ തെരഞ്ഞെടുക്കുമ്പോൾ അതിൽ സംവരണ തത്വം പാലിക്കണമെന്ന വ്യവസ്ഥ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലും ഉൾപ്പെടുത്താൻ നടപടി എടുക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) പരിഗണനയിലുള്ള ചട്ടങ്ങളനുസരിച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണച്ചുമതല വിദ്യാഭ്യാസ മന്ത്രി അദ്ധ്യക്ഷനായുള്ള ഒരു ഭരണസമിതിക്കായിരിക്കും.

(ബി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് സ്പെഷ്യൽ ആഫീസറായി നിയമിക്കപ്പെട്ട പ്രൊഫസർ എം. പി. നായരെയാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) പരിശോധിക്കുന്നതാണ്.

ശ്രീ. പി. എം. അബൂബക്കർ : ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനമേഖല എത്രത്തോളം വ്യാപകമാണ് ; എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ?

ശ്രീ. ടി. എം. ജേക്കബ് : 1990-ാമാണ്ട് ആകുമ്പോഴേക്കും നമ്മുടെ സംസ്ഥാനത്തെ ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ ഉൽപ്പാദനശേഷി രണ്ടായിരം കോടി രൂപയിൽ നിന്ന് പതിനായിരം കോടി രൂപയായിട്ട് വർദ്ധിപ്പിക്കാനായിട്ടാണ് കേന്ദ്ര സർക്കാർ പരിപാടി തയ്യാറാക്കിയിട്ടുള്ളത്. ഇതിലേക്ക് ആവശ്യമായ സാങ്കേതിക വിദഗ്ധൻമാരെ പരിശീലിപ്പിച്ചെടുക്കുകയെന്നുള്ളതാണ് ലക്ഷ്യം. അതിന്റെ പ്രവർത്തനമേഖല കേരളമാണ്.

ശ്രീ. കെ. പി. എ. മജീദ് : ഇൻസ്റ്റിറ്റ്യൂട്ട് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയും ?

ശ്രീ. ടി. എം. ജേക്കബ് : അടുത്ത ഏതാനും ആഴ്ചകൾക്ക് ശേഷം ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

മുനിസിപ്പൽ ജീവനക്കാരുടെ വേജ് ബോർഡ് ശുപാർശകൾ

* 199. [219] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പൽ ജീവനക്കാരുടെ വേജ് ബോർഡ് ശുപാർശകൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ബോർഡ് സമർപ്പിച്ചിട്ടുള്ളത് ;

(സി) ഇവ എപ്പോൾ നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) ഗമ്പള സ്കെയിലുകളും പുനർ നിർണ്ണയം, പുതുക്കിയ രീതിയിലുള്ള ക്ഷാമബത്ത, റിസ്ക് അലവൻസ്, സ്റ്റഡിച്ചിംഗ് ചാർജ്ജ്, ബ്രൂം അലവൻസ്, വീട്ടുവാടക, ഉദ്യോഗക്കയറ്റത്തിനുള്ള സാദ്ധ്യതകൾ, ഭവന നിർമ്മാണ പരിപാടികൾ എന്നിവയെ സംബന്ധിച്ച ബൃഹത്തായ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്.

(സി) ഈ നിർദ്ദേശങ്ങൾ ഗവൺമെൻറിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മുനിസിപ്പൽ തൊഴിലാളികളുടെ വേജ് ബോർഡ് നിർദ്ദേശത്തെ മറികടക്കുന്നതിനുവേണ്ടി സർക്കാർ ജീവനക്കാർക്ക് കൊടുക്കുന്നതുപോലുള്ള ആനുകൂല്യം മുനിസിപ്പൽ തൊഴിലാളികൾക്ക് കൊടുക്കണമെന്ന് ഗവൺമെൻറ് പ്രഖ്യാപിച്ചതായി പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. അത് വേജ് ബോർഡ് നിർദ്ദേശത്തെ മറികടക്കുന്നതിനുള്ള വേദിയായി എടുക്കുകയാണ് ?

ശ്രീ. കെ. എം. മാണി : ദോഷൈകദൃക്കുകൾക്ക് മാത്രമേ ഗവൺമെൻറ് കണ്ടിൻജൻസി ജീവനക്കാരുടെ താൽപ്പര്യത്തെ അപകടത്തിലാക്കാൻ വേണ്ടി ആലോചിക്കുന്നുവെന്ന് പറയാൻ കഴിയൂ. ഗവൺമെൻറ്, കണ്ടിൻജൻസി ജീവനക്കാരുടെ ഉത്തമമായ താൽപ്പര്യങ്ങൾ മുഴുവൻ പരിരക്ഷിക്കുന്നതിനുവേണ്ടി അടിയന്തിര നടപടികൾ സ്വീകരിക്കാൻ പോകുകയാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

വഖഫ് ബോർഡ് ഫണ്ട്

* 200. [220] ശ്രീ. വി. ജെ. തങ്കപ്പൻ :
,, വർക്കല രാധാകൃഷ്ണൻ :
,, റനി. കെ. അബ്ദു :
,, കെ. മൂസ്സക്കുട്ടി :
,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഖഫ് ബോർഡ് ഫണ്ട് ഏതെല്ലാം കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നത് ;

(ബി) ഫണ്ട് ദുർവിനിയോഗം ചെയ്യുന്നതായി എന്തെങ്കിലും പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും ദൈനംദിന ചെലവുകൾക്കുമാണ് ഉപയോഗിക്കുന്നത്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly